എസ്.എസ്.എൽ.സി., പ്ലസ് ടു, റ്റി.റ്റി.സി., പോളിടെക്നിക്, വി.എച്ച്.എസ്.ഇ., ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ്, ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് 750 രൂപ മുതൽ 2000 രൂപ വരെ പ്രോത്സാഹന സമ്മാനം അനുവദിച്ച് നൽകിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക കലാ-കായിക മേളകൾ

118 (4726) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രത്യേക കലാ-കായിക മേളകൾ സംഘടിപ്പിക്കാറുണ്ടോ ;

(ബി) മേളകളുടെ നടത്തിപ്പിന്റെ ചുമതല ആർക്കാണെന്നും രീതി എങ്ങനെയാണെന്നും വ്യക്തമാക്കാമോ ;

(സി) ഒടുവിൽ നടന്ന മേളയിൽ വിവിധ തലങ്ങളിൽ പങ്കെടുത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) മത്സരവിജയികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും പാരിതോഷികങ്ങളും ആണ് നൽകുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഓരോ വർഷവും മേളയുടെ ചെലവിലേക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട് ; ഈ വർഷം വിവിധ ജില്ലകളിൽ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് മേള സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിൽ മത്സരങ്ങൾ ആദ്യം സംഘടിപ്പിക്കുകയും ഒന്നാംസ്ഥാനം ലഭിക്കുന്നവരെ പങ്കെടുപ്പിച്ച് സംസ്ഥാന തലത്തിൽ സംസ്ഥാന യുവജനോത്സവം സംഘടിപ്പിക്കുകയും ചെയ്യുന്നു. പങ്കെടുക്കുന്നവരുടെ യാത്രാച്ചെലവും താമസവും സൗജന്യമായിരിക്കും.

(സി) ഒടുവിൽ നടന്ന മേളയിൽ വിവിധ തലങ്ങളിൽ പങ്കെടുത്തവരുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയുന്ന വിധത്തിലാണ് :

1.	തിരുവനന്തപുരം	-	38
2.	കൊല്ലം	-	57
3.	പത്തനംതിട്ട	-	8
4.	കോട്ടയം	-	18

LIBRARY ARCHIVES Kerala Legislative Assembly

5.	ആലപ്പുഴ	-	20
6.	ഇടുക്കി	-	36
7.	എറണാകുളം	-	35
8.	തൃശ്ശൂർ	-	22
9.	പാലക്കാട്	-	39
10.	മലപ്പുറം	-	45
11.	കോഴിക്കോട്	-	27
12.	വയനാട്	-	60
13.	കണ്ണൂർ	-	51
14.	കാസർഗോഡ്	-	36

(ഡി) മത്സരവിജയികൾക്ക് ക്യാഷ് അവാർഡിനു പുറമേ വ്യക്തിഗത ചാമ്പ്യൻ ട്രോഫിയും സർട്ടിഫിക്കറ്റും നൽകിവരുന്നു.

(ഇ) എല്ലാ വർഷവും ഒരേ തുകയല്ല പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കലാ-കായിക മേളയ്ക്ക് വകയിരുത്താറുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഇതിനായി വകയിരുത്തിയ തുക താഴെപറയും പ്രകാരമാണ്.

2000-01	-	6 ലക്ഷം രൂപ
2001-02	-	5 ലക്ഷം രൂപ
2002-03	-	8 ലക്ഷം രൂപ

നടപ്പുസാമ്പത്തിക വർഷം ഇന്നേവരെ 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷത്തെ കലാ-കായിക മേള നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടേയുള്ളു. അതിനാൽ ഈ വർഷത്തെ മേളക്ക് തുക ചെലവഴിച്ചിട്ടില്ല.

പിന്നോക്ക-പട്ടികസമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകിയതിലെ ക്രമക്കേടുകൾ

119 (4727) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക-പട്ടിക സമുദായങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിൽ ക്രമക്കേട് കാട്ടിയതിന്റെ പേരിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly